

## പാർത്ഥിപൻ കനവ്

കൽക്കി

കൽക്കി എന്ന ഇതിഹാസകാരനെ തമിഴ് സാഹിത്യരംഗത്ത് അടയാളപ്പെടുത്തിയ ചരിത്രാഖ്യായിക. *പൊന്നിയിൻ ശെൽവനും ശിവകാമിയിൻ ശപഥവും* എഴുതുന്നതിനു മുമ്പ് കൽക്കിയുടെ തൂലിക തമിഴകത്തിന്റെ ഹൃദയത്തിലെഴുതിയിട്ട ലക്ഷണമൊത്ത നോവൽ. നാശോന്മുഖമായ ചോളദേശവും അനന്തവിസ്തൃതമായ പല്ലവസാമ്രാജ്യവും കഥാപശ്ചാത്തലങ്ങളാകുന്ന ഈ നോവൽ പറയുന്നത് ആറാം നൂറ്റാണ്ടിലെ തമിഴകത്തിന്റെ രാഷ്ട്രീയവും സാമൂഹിക വുമായ ചരിത്രമാണ്. അക്ഷരങ്ങളാൽ അത്ഭുതം കാട്ടുന്ന, വർണ്ണനകളാൽ വിസ്മയിപ്പിക്കുന്ന കൽക്കിയുടെ ഏറ്റവും മികച്ച കൃതിയാണ് *പാർത്ഥിപൻ കനവ്.*

**മൂലകൃതിയിൽനിന്ന് പൂർണ്ണരൂപത്തിൽ മലയാളത്തിലെത്തുന്ന ഏകവിവർത്തനം**

ഡി സി ബുക്സ്
www.dcbooks.com

നോവൽ

കവർ ഡിസൈൻ
ശ്യാം ഷാജി

ISBN 978-93-5732-405-2

₹ 399
E-book Available

പാർത്ഥിപൻ കനവ് • കൽക്കി

DCB

ശിവകാമിയിൻ ശപഥം, പൊന്നിയിൻ ശെൽവൻ
എന്നീ ക്ലാസ്സിക്കുകളുടെ സ്രഷ്ടാവായ
കൽക്കിയുടെ ആദ്യനോവൽ

# പാർത്ഥിപൻ കനവ്

2-ാം പതിപ്പ്

## കൽക്കി

വിവ : ബാബുരാജ് കളമ്പൂർ

DCB

College Of Avian Sciences
LIBRARY
2445

College Of Avian Sciences
LIBRARY
2445
KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No......2445.........  Call No.......................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## കൽക്കി കൃഷ്ണമൂർത്തി (1899–1954)

തഞ്ചാവൂരിലെ പുത്തമംഗലത്ത് 1899 സെപ്തംബർ 9–ന് ജനിച്ചു.
കൽക്കി എന്നത് തൂലികാനാമം. ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനമാ
രംഭിച്ചപ്പോൾ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കൽക്കി വിദ്യാഭ്യാസം
ഉപേക്ഷിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. സ്വാതന്ത്ര്യ
സമരത്തിൽ പങ്കെടുത്തതിന് പലവട്ടം ജയിൽശിക്ഷ അനുഭവിച്ചു. 'നവ
ശക്തി' എന്ന ആനുകാലികത്തിന്റെ സഹപത്രാധിപരായി. പിന്നീട് 'ആനന്ദ
വികടനി'ൽ ചേർന്നു. 1939–ൽ ആദ്യ നോവൽ *കാൽവനിൻ കാതലി*
പ്രസിദ്ധീകരിച്ചു. പത്തു നോവെല്ലകളും 120 കഥകളും അഞ്ചു നോവ
ലുകളും മൂന്നു ചരിത്രാഖ്യായികകളും നിരവധി ഗാനങ്ങളും അദ്ദേഹ
ത്തിന്റേതായി ഉണ്ട്. സാഹിത്യഅക്കാദമി അവാർഡടക്കം നിരവധി
പുരസ്കാരങ്ങൾ നേടി. 1954 ഡിസംബർ 5–ന് അന്തരിച്ചു.

## ബാബുരാജ് കളമ്പൂർ

മലയാളം, തമിഴ് എന്നീ ഭാഷകളിൽ എഴുതുന്നു. *വാരണാവതം, പശ്ചി
മായനം, തീമഴക്കാലം* തുടങ്ങിയ നോവലുകൾ, *മഹാഭാരതം, വാല്മീകി
രാമായണം* എന്നിവയുടെ സമ്പൂർണ്ണ പുനരാഖ്യാനങ്ങൾ ഇവയടക്കം
മലയാളത്തിൽ അമ്പതിലേറെ പുസ്തകങ്ങൾ. തമിഴിൽ ആദ്യ നോവൽ
ഈ വർഷം ജനുവരിയിൽ പ്രസിദ്ധീകരിച്ചു. ഇരുഭാഷകളിലെയും ആനു
കാലികങ്ങളിൽ കഥകൾ എഴുതുന്നു. സ്വദേശം, എറണാകുളം ജില്ല
യിലെ പിറവം.

കൽക്കി കൃഷ്ണമൂർത്തിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:
***നോവൽ:*** പൊന്നിയിൻ സെൽവൻ, ശിവകാമിയുടെ ശപഥം,
പാർത്ഥിപൻ കനവ്.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

# പാർത്ഥിപൻ കനവ്

**കൽക്കി**

പരിഭാഷ
**ബാബുരാജ് കളമ്പൂർ**

**ഡി സി ബുക്സ്**

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
ORIGINAL TAMIL TITLE
Parthipan Kanavu
NOVEL
*by* Kalkki Krishnamoorthi
MALAYALAM TITLE
Parthipan Kanavu
*Translated by* Baburaj Kalamboor

© D C Books
First Published October 2023
This edition - December 2023
P-ISBN: 978-93-5732-405-2
E-ISBN: 978-93-5732-404-5
Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Kalkki Krishnamoorthi.
Parthipan kanavu/Kalkki Krishnamoorthi;
Malayalam translation/Baburaj Kalamboor.
400 p., 21 cm., ISBN 978-93-5732-405-2.
Malayalam translation of Tamil title 'Parthipan kanavu'.
1. Tamil novel. 2. Malayalam translation.I. Title.
II. Title-Tamil. III. Baburaj Kalamboor.
894.811 3-dc22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216
D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1291/23-24-Sl.No. 25776-dcb 8481-(2)2000-9057-11-23-hn 60-T4-e st- d ga

# ആമുഖം

## എസ്. വൈയാപുരിപ്പിള്ള

തമിഴ് പണ്ഡിതൻ–ഗവേഷകൻ

*(പാർത്ഥിപൻ കനവിന്റെ ആദ്യപതിപ്പിൽ (1943) പ്രസിദ്ധീകരിച്ച ആമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ.)*

'പാർത്ഥിപൻ കനവ്' ഒരു ചരിത്രനോവലാണ്. ഏതാണ്ട് 1300–ലേറെ വർഷങ്ങൾക്കുമുമ്പ് കാഞ്ചി തലസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ചക്രവർത്തിയായിരുന്നു നരസിംഹവർമ്മൻ. ഇന്ന് ലോകപ്രസിദ്ധി നേടിയ മഹാബലിപുരത്തെ ശില്പനിർമ്മിതികൾ പൂർത്തിയാക്കിയത് ഇദ്ദേഹത്തിന്റെ കാലത്താണ്. നരസിംഹവർമ്മനും അദ്ദേഹത്തോടൊപ്പം ഈ നോവലിൽ കടന്നുവരുന്ന ഭൂരിഭാഗം കഥാപാത്രങ്ങളും ചരിത്രത്തിന്റെ ഭാഗമായവരാണ്. ഇവരെക്കൂടാതെ കൽക്കിയുടെ ഭാവനയിൽ വിരിഞ്ഞ ഒട്ടനവധി കഥാപാത്രങ്ങളും ഈ നോവലിന്റെ ഗതിയെ സുഗമമാക്കുന്നുണ്ട്.

അക്കാലത്ത് ദക്ഷിണഭാരതത്തിൽ നിലനിന്നിരുന്ന മതങ്ങളെക്കുറിച്ചും രാഷ്ട്രീയപശ്ചാത്തലങ്ങളെക്കുറിച്ചും ഒരേകദേശ ധാരണ ഈ നോവലിലൂടെ കൽക്കി നമുക്കു നൽകുന്നുണ്ട്. ധീരതയും ദേശസ്നേഹവും പ്രണയവും പകയുമൊക്കെ സമന്വയിപ്പിച്ച് കൽക്കി സൃഷ്ടിച്ച ഒരു മികച്ച സാഹിത്യസൃഷ്ടിയാണ് 'പാർത്ഥിപൻ കനവ്.

സംഘകാലത്തെ പേരും പെരുമയുമൊക്കെ നഷ്ടപ്പെട്ട് വെറുമൊരു സാമന്തരാജ്യമായി മാറിയ ചോളനാട്. അതിന്റെ, നഷ്ടപ്രതാപങ്ങൾ വീണ്ടെടുക്കണമെന്നും ഭാരതഭൂമിയിലെങ്ങും ചോളന്റെ പുലിക്കൊടി പാറിപ്പറക്കണമെന്നും കിനാവു കാണുന്ന പാർത്ഥിപ ചോളൻ. അദ്ദേഹം തന്റെ സ്വപ്നങ്ങൾ ചുവർചിത്രങ്ങളായി വരച്ച് ആരുമറിയാതെ സൂക്ഷിക്കുന്നു. തന്റെ മകൻ വിക്രമൻ കൗമാരത്തിലെത്തിയപ്പോൾ അദ്ദേഹം ആ സ്വപ്നലോകം മകനു കാട്ടിക്കൊടുക്കുന്നു. എനിക്കു സഫലമാക്കാൻ സാധിക്കാതെപോയ

സ്വപ്നം നീ സാക്ഷാത്കരിക്കണം എന്ന് അദ്ദേഹം മകനോട് ആവശ്യപ്പെടുന്നു. പിന്നീട് പല്ലവരുമായുള്ള യുദ്ധത്തിൽ അദ്ദേഹം വീരമരണം വരിക്കുന്നു.

പാർത്ഥിപരാജാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ മകനായ വിക്രമന് സാധിക്കുമോ? ചതിയുടെയും പകയുടെയും വലക്കണ്ണികൾ ഭേദിച്ച് അയാൾക്ക് വിജയം നേടാനാവുമോ? ഈ കഥയാണ് അതിമനോഹരമായി കൽക്കി ഇതിൽ അവതരിപ്പിക്കുന്നത്.

നമ്മുടെ തമിഴ്ഭാഷയിൽ നോവൽ എന്ന സാഹിത്യശാഖതന്നെ പ്രചാരത്തിലെത്തിയിട്ട് അധികകാലമായിട്ടില്ല. അതിലും ചരിത്ര നോവലുകൾ ഈയിടെയാണ് നാം പരിചയപ്പെട്ടുതുടങ്ങുന്നത്.

ഈ നോവലിനെ നമുക്ക് രണ്ടു രീതിയിൽ സമീപിക്കാം. ഒന്ന്, സാധാരണ മനുഷ്യജീവിതത്തിലെ സംഭവങ്ങൾ ചിത്രീകരിക്കുന്നത്. മറ്റൊന്ന്, അസാധാരണമായ വ്യക്തിജീവിതങ്ങളെ ചിത്രീകരിക്കുന്നത്. ഇതു രണ്ടും സമന്വയിക്കുന്നതുകൊണ്ടുതന്നെ ഇത് സവിശേഷമായൊരു വായനാനുഭവം നമുക്കു സമ്മാനിക്കുന്നു.

കൽക്കി എന്ന എഴുത്തുകാരൻ ഈ കുറഞ്ഞ കാലംകൊണ്ടുതന്നെ തമിഴ്‌വായനക്കാർക്ക് പ്രിയങ്കരനായി മാറിക്കഴിഞ്ഞു. ഇദ്ദേഹത്തിന്റെ രചനാശൈലിയുടെ സൗന്ദര്യംതന്നെയാണ് ആദ്യം എടുത്തുപറയേണ്ടത്. ജീവസ്സും ഓജസ്സുമുള്ള വാഗ്വിലാസം. അതിമനോഹരങ്ങളായ വർണ്ണനകൾ. ശുദ്ധമായ തമിഴ്‌വാക്കുകൾ തേടിത്തേടി കണ്ടെത്താൻ ഇദ്ദേഹം ശ്രമിക്കാറില്ല. സംസ്കൃതാഭിമുഖ്യമുള്ള വാക്കുകളോട് ഒട്ടും അകൽച്ചയുമില്ല. ലളിതമായ ആഖ്യാനശൈലി, വികാരനിർഭരമായ രംഗചിത്രീകരണങ്ങൾ, വായനക്കാരെ ഒപ്പം കൂട്ടിക്കൊണ്ടുപോകുന്നതരത്തിലുള്ള കഥനവൈഭവം. സന്ദർഭങ്ങൾക്കും കഥാപാത്രങ്ങൾക്കും അനുസൃതമായ ഭാഷാപ്രയോഗങ്ങൾ. സമകാലികരായ സാഹിത്യരചയിതാക്കളെ പരിഗണിക്കുമ്പോൾ കൽക്കിക്ക് ഏറ്റവും മുൻനിരയിൽ ഇടംകിട്ടാൻ കാരണം ഈ സവിശേഷതകൾതന്നെയാണ്.

# പരിഭാഷകക്കുറിപ്പ്

കൽക്കിയെ ഒരു നോവലിസ്റ്റ് എന്നതിനെക്കാൾ ഇതിഹാസകാരൻ എന്നു വിളിക്കാനാണ് എനിക്കിഷ്ടം. ഏതാണ്ട് മൂന്നു പതിറ്റാണ്ടു നീണ്ട തന്റെ എഴുത്തുജീവിതത്തിൽ പത്തുപതിന്നാലു നോവലുകളും ഒട്ടേറെ ചെറുകഥകളും അദ്ദേഹം എഴുതിയിട്ടുണ്ട്. എന്നാൽ തമിഴകത്തിന്റെ വായനാസംസ്കാരത്തെത്തന്നെ മാറ്റിമറിച്ച മൂന്നു ചരിത്രാഖ്യായികകളിലൂടെയാണ് അദ്ദേഹം അമരത്വം നേടുന്നത്.

1930–കളിൽ മനസ്സിൽ ഇടംപിടിച്ച ആശയം. നീണ്ട ഏഴുവർഷക്കാലം അതിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള പഠനങ്ങളും ഗവേഷണങ്ങളും. തെന്നകത്തിന്റെ സംഘകാലാനന്തരചരിത്രത്തിൽ ആഴത്തിൽ പഠനം നടത്തിയശേഷം ഈ ആഖ്യായികാത്രയത്തിലെ ആദ്യകൃതിയായ 'പാർത്ഥിപൻ കനവ്' അദ്ദേഹം എഴുതുകയായിരുന്നു. അതോടെ തമിഴ്നാട്ടിലെ വായനക്കാരുടെ മനസ്സിൽ കൽക്കിയെന്ന എഴുത്തുകാരൻ ചിരപ്രതിഷ്ഠനായി. പിന്നീട് 'ശിവകാമിയിൻ ശപഥം'. അതിനുശേഷം 'പൊന്നിയിൻ ശെൽവൻ'. ഇവ മൂന്നും പ്രസിദ്ധീകരിച്ചതോടെ കൽക്കി എന്ന എഴുത്തുകാരൻ തനിക്ക് മരണമില്ലെന്ന് തെളിയിച്ചു.

എൺപതുവർഷം മുമ്പാണ് 'പാർത്ഥിപൻ കനവ്' പുസ്തകരൂപത്തിൽ ആദ്യം പുറത്തിറങ്ങുന്നത്. കാലക്കണക്കുവച്ചു നോക്കുമ്പോൾ ആദ്യമെഴുതിയ 'പാർത്ഥിപൻ കനവ്', 'ശിവകാമിയിൻ ശപഥ'ത്തിന്റെ തുടർച്ചയാണ്.

വാതാപിയുദ്ധത്തിനുശേഷം മടങ്ങിയെത്തുന്ന നരസിംഹവർമ്മന്റെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളാണ് ഈ നോവലിന്റെ രണ്ടു പശ്ചാത്തലങ്ങളിൽ ഒന്ന്. മറ്റൊരു പശ്ചാത്തലം ചോളനാടാണ്. പഴയ കരികാലചോളന്റെയും അനന്തരഗാമികളുടെയും കാലശേഷം ശക്തി ക്ഷയിച്ച ചോളനാട് ആറാം നൂറ്റാണ്ടായതോടെ പല്ലവസാമ്രാജ്യത്തിന് കപ്പം കെട്ടുന്ന വെറുമൊരു നാട്ടുരാജ്യമാകുന്നു.

ആ ചോളനാട്ടിലെ രാജാവായ പാർത്ഥിപൻ തന്റെ സ്വാതന്ത്ര്യ സ്വപ്നങ്ങൾ സ്വന്തം മകനു കൈമാറിയശേഷം വീരസ്വർഗ്ഗം പ്രാപിക്കുന്നിടത്താണ് കഥ തുടങ്ങുന്നത്. പാർത്ഥിപന്റെ ഈ കനവ് മകൻ നിറവേറ്റാൻ ശ്രമിക്കുന്നതാണ് കഥാതന്തു.

എന്നാൽ കൽക്കി എന്ന അക്ഷരമാന്ത്രികന്റെ രചനാവൈഭവത്തിൽ നാം സ്വയം മറന്നിരുന്നുപോകുന്നു. കാട്ടുകല്ലിനെ കൈലാസമാക്കുന്ന ശൈലീവിസ്മയം. വാക്കുകളുടെ ക്യാമറക്കണ്ണിലൂടെ ആയിരത്തിനാനൂറുവർഷം മുമ്പുള്ള ദക്ഷിണപഥത്തിന്റെ മാനവജീവിതം ദൃശ്യവത്കരിക്കുന്ന പ്രതിഭാവിലാസം.

എൺപതു വർഷം കഴിഞ്ഞിട്ടും വീണ്ടും വീണ്ടും വായിക്കപ്പെടുകയും പരിഭാഷപ്പെടുത്താൻ പ്രസാധകർ മത്സരിക്കുകയും ചെയ്യുന്നത് ഈ സവിശേഷതകൾമൂലമാണ്.

കൽക്കിയുടെ ചരിത്രനോവൽത്രയത്തിൽ ആദ്യം എഴുതപ്പെട്ട പുസ്തകം ഇതാണ്. ഇതിനുശേഷമാണ് കൽക്കി 'ശിവകാമിയിൻ ശപഥ'മെഴുതിയത്. എന്നാൽ മലയാളത്തിൽ 'ശിവകാമിയുടെ ശപഥ'ത്തിനുശേഷമാണ് 'പാർത്ഥിപൻ കനവ്' പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ടുതന്നെ 'ശിവകാമി' വായിച്ചവർക്ക് അതിന്റെ തുടർച്ചയായ ഈ നോവൽ ആശയക്കുഴപ്പമില്ലാതെ വായിച്ചു പോകാനാവും.

ഡി സി ബുക്സിന്റെ വായനക്കാർക്ക് ഈ നോവൽ മറ്റൊരു തരത്തിലും പ്രയോജനപ്പെടുമെന്ന് ഞാൻ കരുതുന്നു. കാരണം, ഈ രണ്ടു കൃതികളുടെയും പരിഭാഷ ഒരേ ശൈലിയിലാണ് എന്നതുതന്നെ. കൽക്കി എന്ന ഇതിഹാസകാരന്റെ രണ്ടു മഹത്തായ കൃതികൾ വിവർത്തനംചെയ്യാൻ അവസരമൊരുക്കിയ ഡി സി ബുക്സിന് നന്ദി രേഖപ്പെടുത്തുന്നു.

നശ്വരതയുടെ അടയാളമായിട്ടാണ് പുരാണങ്ങളിലെ കൽക്കി അറിയപ്പെടുന്നത്. എന്നാൽ സാഹിത്യത്തിലെ കൽക്കി അനശ്വരനാണ്. അമരനാണ്.

എൺപതു വർഷങ്ങൾക്കുശേഷവും ഒരു കൃതി ആവേശപൂർവ്വം വായിക്കാൻ സാധിക്കുന്നു എന്നതുതന്നെയാണ് ഈ രചനയുടെ മഹത്ത്വം. രചയിതാവിന്റെയും.

**ബാബുരാജ് കളമ്പൂർ**

# ഭാഗം ഒന്ന്